# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1191 01.07.2015-ൽ മറുപടിയ്ക്ക്

ഭൂരഹിതരില്ലാത്ത ജില്ല

<u>ചോദ്യം</u>

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഏതെങ്കിലും ജില്ലയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കുമോ; | എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചുകൊണ്ട് പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ 12,184 അപേക്ഷകളും, കാസർഗോഡ് ജില്ലയിൽ 17,905 അപേക്ഷകളുമാണ് ലഭിച്ചിരുന്നത്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള അന്വേഷണത്തിൽ കണ്ണൂർ ജില്ലയിൽ 11,032 അപേക്ഷകരേയും കാസർഗോഡ് ജില്ലയിൽ 10,271 അപേക്ഷകരേയും പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു. മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചുകൊണ്ടാണ് പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചത്. |
| (ബി) | ഇതിനായി സംസ്ഥാനാടിസ്ഥാനത്തിൽ സർവ്വെ നടത്തിയിരുന്നോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള ഭൂരഹിതരുടെ കണക്ക് ലഭ്യമാക്കാമോ; | ബി) പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകരിൽ നിന്ന് വിശദമായ അന്വേഷണങ്ങളുടെയും നിശ്ചിത മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള ജില്ലാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു:- |

| ജില്ല | എണ്ണം |
|---|---:|
| തിരുവനന്തപുരം | 35,851 |
| കൊല്ലം | 28,591 |
| പത്തനംതിട്ട | 6,807 |
| ആലപ്പുഴ | 14,163 |
| കോട്ടയം | 10,388 |
| ഇടുക്കി | 7,970 |
| എറണാകുളം | 31,379 |
| തൃശ്ശൂർ | 26,776 |
| പാലക്കാട് | 23,874 |

| | | | |
|---|---|---|---|
| | | മലപ്പുറം | 23,962 |
| | | കോഴിക്കോട് | 8,304 |
| | | വയനാട് | 4,546 |
| | | കണ്ണൂർ | 11,099 |
| | | കാസർഗോഡ് | 10,218 |
| | | ആകെ | 2,43,928/- |
| (സി) | ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ച ജില്ലയിൽ നിന്നും ഭൂരഹിത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇവർക്കെല്ലാം ഭൂമി ലഭിച്ചിട്ടുണ്ടോ? | സി) പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭിച്ചില്ലായെന്ന് പരാതിയുണ്ടായതിനെ തുടർന്ന് അപേക്ഷ സമർപ്പിക്കുന്നത് 01.02.2014 മുതൽ 31.03.2014 വരെയുള്ള രണ്ട് മാസക്കാലത്തേക്ക് കൂടി വീണ്ടും അവസരം നൽകിയിരുന്നു. ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ 12,306 അപേക്ഷകളും, കാസർഗോഡ് ജില്ലയിൽ 16,982 അപേക്ഷകളും ലഭിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത അപേക്ഷകളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ ജില്ലാതലത്തിൽ നടന്ന് വരുന്നു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുതുതായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കും ഭൂമി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. | |

സെക്ഷൻ ഓഫീസർ